## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.750.** **07.02.2013 -ൽ മറുപടിയ്ക്ക്**

## ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. കെ കുഞ്ഞിരാമൻ (ഉദുമ)<br>ശ്രീ. കെ കുഞ്ഞമ്മദ് മാസ്റ്റർ<br>ശ്രീ. സാജു പോൾ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | ആഹാരപദാർത്ഥങ്ങൾ കച്ചവടം ചെയ്യുന്നവരെല്ലാം ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; ഇതുവരെ എത്ര ശതമാനം കച്ചവടക്കാർ രജിസ്റ്റർ ചെയ്തതായിട്ടാണ് കണക്കാക്കുന്നത്; | എ) | ആഹാരപദാർത്ഥങ്ങൾ കച്ചവടം ചെയ്യുന്നവരെല്ലാം ഭക്ഷ്യസുരക്ഷാ നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനായി 2014 ഫെബ്രുവരി 4 വരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ സമയം നൽകിയിരിക്കുകയാണ്. അത്തരത്തിൽ വ്യാപാരം നടത്തുന്ന എല്ലാ വ്യാപാരികളെയും ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യിക്കുന്നതിനായി എല്ലാ താലൂക്കിലും പ്രത്യേക മേളകൾ നടന്നുവരികയാണ്. പി.എഫ്.എ അനുസരിച്ച് എത്ര വ്യാപാരികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന കണക്ക് ലഭ്യമല്ലാത്തതിനാൽ ഇതുവരെ എത്ര ശതമാനം കച്ചവടക്കാർ ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് കണക്കാക്കുവാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ബി) | രജിസ്റ്റർ ചെയ്യാതെ ആഹാര പദാർത്ഥങ്ങൾ വിപണനം നടത്തുന്നവർക്കെതിരെ ഇതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ; | ബി) | ആഹാര പദാർത്ഥങ്ങൾ കച്ചവടം ചെയ്യുന്നവരെല്ലാം ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിനായി 2014 ഫെബ്രുവരി 4 വരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ സമയം നൽകിയിരിക്കുകയാണ്. പ്രസ്തുത സമയപരിധിക്കുശേഷം മാത്രമേ ലൈസൻസ് / രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനങ്ങൾക്ക് നേരെ ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. |
| സി) | ആദ്യഘട്ടത്തിൽ പരിശോധന നടത്തിയ 2198 സ്ഥാപനങ്ങളിൽ 59% വും നിലവാരമില്ലാത്തവയായിരുന്നെന്ന കണ്ടെത്തലിനെ തുടർന്ന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വിശദാംശം നൽകാമോ; | സി) | നിശ്ചിത ഗുണനിലവാരമില്ലാത്തവയെന്ന് കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും തുടർ പരിശോധന നടത്തി നോട്ടീസിൽ ചൂണ്ടിക്കാണിച്ച അപാകതകൾ പരിഹരിച്ചതായി ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. തുടർ പരിശോധനകളും നടന്നു വരുന്നു. |
| ഡി) | നിബന്ധനകൾ പാലിക്കാത്ത സ്ഥാപനങ്ങളെ നോട്ടീസ് കൂടാതെ അടപ്പിക്കുമെന്നും പ്രോസിക്യൂഷൻ / പീനൽ നടപടികൾ സ്വീകരിക്കുമെന്നുമുള്ള ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ; | ഡി) | നടപ്പാക്കി വരുന്നു. |
| ഇ) | പരിശോധനയെ തുടർന്ന് അടച്ചുപൂട്ടപ്പെട്ട സ്ഥാപനങ്ങളെല്ലാം | ഇ) | ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധിച്ച് ഗുരുതരമായ വീഴ്ച |

| | | | |
|---|---|---|---|
| | മൾട്ടി ഡിസിപ്ലിനറി കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷമാണോ തുറന്ന് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ; വിശദാംശം വ്യക്തമാക്കുമോ? | | കണ്ടെത്തി പ്രവർത്തനാനുമതി നിഷേധിച്ച ഹോട്ടലുകളും ബേക്കറികളും ജില്ലാ കളക്ടറുടെ പ്രതിനിധി ജില്ലാ മെഡിക്കൽ ഓഫീസറുടെ പ്രതിനിധി ജില്ല ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവർ അടങ്ങുന്ന മൾട്ടിഡിസിപ്ലിനറി കമ്മിറ്റി പരിശോധിച്ച് തൃപ്തികരമാണ് എന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുറന്നു പ്രവർത്തിക്കുവാൻ അനുവാദം നൽകിയിട്ടുള്ളു. |

സെക്ഷൻ ഓഫീസർ